"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 2026-27 സാമ്പത്തിക വർഷം ഗ്രാന്റ്- ഇൻ- എയ്ഡ് (ജനറൽ) നോൺ സാലറി ശീർഷകത്തിൽ നിന്ന് പ്രേരക് ഓണറേറിയം തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1566/2026/LSGD തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം.499/2026/LSGD തീയതി 26/02/2026.
2. സ.ഉ (കൈ) നം. 76/2026/LSGD തീയതി 07/03/2026.
3. സാക്ഷരത മിഷൻ ഡയറക്ടറുടെ 23/07/2026-ലെ എ3-1773/2026/കെ.എസ്.എൽ.എം.എ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 2026-27 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റിൽ 2515-00-102-21 (പ്ലാൻ) ശീർഷകത്തിൽ സാക്ഷരതാ മിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 2515-00-102-21-31 ഗ്രാന്റ്-ഇൻ-എയ്ഡ് (ജനറൽ) സാലറി ഹെഡിൽ 5.56 കോടി രൂപയും 2515-00-102-21-36 ഗ്രാന്റ്-ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ഹെഡിൽ 14.44 കോടി രൂപയും ചേർത്ത് ആകെ 20.00 കോടി രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി വകയിരുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2515-00-102-21-36 (P) ഗ്രാന്റ്-ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ശീർഷകത്തിൽ വകയിരുത്തിയ 14.50 കോടി രൂപയിൽ നിന്ന് 2026 മാർച്ച് വരെ പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ നൽകാനുള്ള 2 കോടി രൂപ (രണ്ട് കോടി രൂപ മാത്രം) പരാമർശം (1) പ്രകാരം അവസാന ഗഡുവായി അനുവദിച്ചിരുന്നെന്നും പ്രേരക്മാർക്ക് നൽകാനുള്ള 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം കുടിശ്ശികയായിട്ടുണ്ടെന്നും 2026-27 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റ് പ്രകാരം നോൺ സാലറി ശീർഷകത്തിൽ 14.44 കോടി രൂപയിൽ പ്രേരക് ഓണറേറിയത്തിന് 10.50 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രേരക്മാരുടെ ഓണറേറിയം പരാമർശം (2) പ്രകാരം 2026 ഏപ്രിൽ മുതൽ 1,000/- രൂപ വർദ്ധനവ് വരുത്തിയതിൽ പ്രേരകിന് 14,000/- രൂപയും നോഡൽ പ്രേരകിന് 17,000/- രൂപയുമാണ് ഓണറേറിയമായി അനുവദിക്കേണ്ടതെന്നും ടി ഓണറേറിയത്തിന്റെ 40% സാക്ഷരതാ മിഷനാണ് നൽകിവരുന്നതെന്നും ആയതിനാൽ 2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ 2515-00-102-21-36 (P) ഗ്രാന്റ്-ഇൻ-എയ്ഡ് (ജനറൽ) നോൺ സാലറി ശീർഷകത്തിൽ വകയിരുത്തിയ 14.44 കോടി രൂപയിൽനിന്ന് 1235 പ്രേരക്മാർക്കും 200 നോഡൽ പ്രേരക്മാർക്കും ഉൾപ്പടെ ആകെ 1435 പ്രേരക്മാർക്ക് 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെ

കുടിശ്ശിക ഇനത്തിൽ നൽകാനുള്ള 40% പ്രേരക് ഓണറേറിയം തുകയായ 2,48,28,000/- രൂപ (രണ്ട് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി ഇരുപത്തി എട്ടായിരം രൂപ മാത്രം) അനുവദിച്ചു തരണമെന്ന് കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ഏപ്രിൽ മുതൽ 2026 ജൂൺ വരെയുള്ള മൂന്ന് മാസത്തെ കുടിശ്ശിക ഇനത്തിൽ നൽകാനുള്ള പ്രേരക് ഓണറേറിയം തുകയായ 2,48,28,000/- രൂപ (രണ്ട് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി ഇരുപത്തി എട്ടായിരം രൂപ മാത്രം) 2515-00-102-21-36 Grant-in-Aid (General) Non Salary ശീർഷകത്തിൽ നിന്ന് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
4) ധനകാര്യ (വികസന) വകുപ്പ് (3592346/DEV-2/176/2026-FIN തീയതി 14/08/2026 പ്രകാരം ഇതിന് ധനകാര്യവകുപ്പിന്റെ അംഗീകാരമുണ്ട്).
5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Rajesh Kumar. C
Date: 21-08-2026
11:25:56
സെക്ഷൻ ഓഫീസർ